(ബി) ഇല്ലാത്ത പക്ഷം ഇനി എത്ര ഹെക്ടർ വനപ്രദേശം സംബന്ധിച്ച ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്;

(സി) ഇക്കാര്യം സംബന്ധിച്ച് ജോയിന്റ് വെരിഫിക്കേഷൻ ആരംഭിച്ചതെന്നാണ്;

(ഡി) അത് പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണം എന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദ്ദേശം 4000 ത്തോളം ഹെക്ടർ കയ്യേറ്റഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്.

(സി) 1989-ലാണ് ജോയിന്റ് വെരിഫിക്കേഷൻ ആരംഭിച്ചത്.

(ഡി) വനം, റവന്യൂ വകുപ്പുകൾ സംയുക്തമായാണ് ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നത്. ഇതിനകം 23929 ഹെക്ടർ കയ്യേറ്റഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി. ബാക്കിയുള്ള കയ്യേറ്റഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വനം വകുപ്പിലെ കേസ് നടത്തിപ്പിലെ അപാകതകൾ

120 [403] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിലെ കേസ് നടത്തിപ്പിലെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈക്കോടതിയിൽ വനംവകുപ്പ് കക്ഷിയായി എത്ര കേസ്സുകളിൽ വിധിയുണ്ടായി എന്നും ആയതിൽ എത്രയെണ്ണം പരാജയപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(സി) വനഭൂമിയും വനവിഭവങ്ങളും നഷ്ടപ്പെടുന്ന തരത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ചുണ്ടായ വിവാദങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി ആന്റ് ഡി) ഇതു സംബന്ധിച്ചുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

വനത്തിനുള്ളിൽ തടയണ കെട്ടിയത് തടയാൻ നടപടി

121 [404] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനുള്ളിൽ തടയണ കെട്ടി മലമ്പുഴ അണക്കെട്ടിൽ എത്തേണ്ട വെള്ളം തമിഴ്നാട് ചോർത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മലമ്പുഴയിലെ നീരൊഴുക്ക് സംരക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഉണ്ട്.

(ഡി) അന്തർ സംസ്ഥാന അതിർത്തിയായ പ്രസ്തുത പ്രദേശത്ത് തടയണ കെട്ടിയതായി സെക്ഷൻ സ്റ്റാഫിന്റെ പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു. തടയണയുടെ നിർമ്മാണം മാധ്യമങ്ങളിൽ വലിയ വാർത്തയായതിനെ തുടർന്ന് ഒലവക്കോട് കൺസർവേറ്റർ 31-12-2003-ൽ ഈ പ്രദേശം വിശദമായി പരിശോധിക്കുകയുണ്ടായി. മലമ്പുഴ ഡാമിൽ ഒഴുകി എത്തുന്ന ചുള്ളിയാറിന്റെ കൈവഴിയായ കുക്കുറിശിയാംപള്ളം നീരരുവിയിൽ ചെക്ക് ഡാം കെട്ടി ഗതിമാറ്റിയാണ് തമിഴ്നാട്

LIBRARY ARCHIVES Kerala Legislative Assembly